(ഇ) സംസ്ഥാനത്ത് വൻതോതിൽ ഗുണനിലവാരമില്ലാത്ത മരുന്നുകൾ വിറ്റഴിക്കപ്പെടുന്നത് ആരോഗ്യരംഗത്ത് ഗുരുതരമായ സ്ഥിതിവിശേഷം സൃഷ്ടിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ സംസ്ഥാനത്ത് ഗുണനിലവാരമുള്ള ഔഷധങ്ങൾ മാത്രം വിതരണം ചെയ്യുന്നു എന്നുറപ്പ് വരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്):

(എ) ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ ഔഷധ വിൽപ്പനശാലകളിൽ നിന്നും ആശുപത്രികളിൽ നിന്നും മരുന്നുകളുടെ സാമ്പിളുകൾ ശേഖരിച്ച് തിരുവനന്തപുരത്തുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ അയയ്ക്കുന്നുണ്ട്. ഗവണ്മെന്റ് അനലിസ്റ്റ് ഇവയുടെ ഗുണനിലവാരം പരിശോധിച്ച് റിപ്പോർട്ട് നൽകുന്ന സംവിധാനമാണ് ഇപ്പോൾ നിലവിലുള്ളത്.

(ബി)&(സി) ഉണ്ട്. 1999 ജനുവരി മുതൽ നവംബർ വരെ മാസങ്ങളിൽ സംസ്ഥാന ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ പരിശോധിച്ചതിന്റെ ഫലമായി ഗുണനിലവാരമില്ലാത്തതായി വിവിധ കമ്പനികളുടെ 215 സാമ്പിളുകൾ കണ്ടെത്തിയിട്ടുണ്ട്.

(ഡി) ചില ആന്റിയോജിക്കുകൾ ഗുണനിലവാരമില്ലാത്തവയായി കണ്ടെത്തിയിട്ടുണ്ട്.

(ഇ)&(എഫ്) ഇത്തരം ഒരു സ്ഥിതി വിശേഷം സംസ്ഥാനത്ത് നിലവിലില്ല. കൂടുതൽ മരുന്ന് സാമ്പിളുകൾ പരിശോധിക്കുന്നതിനായി ഡ്രഗ്സ് ടെസ്റ്റും ലബോറട്ടറിയിലെ സംവിധാനം വിപുലീകരിക്കുന്ന കാര്യം പരിശോധനയിലാണ്.

പാൻമസാലകളുടെ വിൽപ്പനയും വിതരണവും

10 (*10) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൻമസാലകളുടെ വിൽപ്പനയും വിതരണവും നിരോധിച്ചുകൊണ്ട് ആരോഗ്യവകുപ്പ് പുറപ്പെടുവിച്ചിരിക്കുന്ന ഉത്തരവ് കോടതി റദ്ദാക്കിയ വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഉത്തരവ് റദ്ദാക്കിക്കൊണ്ടുള്ള വിധി ഗവണ്മെന്റ് പഠന വിധേയമാക്കിയിട്ടുണ്ടോ;

(സി) പുകയിലയും, മയക്കുമരുന്നുകളും ചേർത്ത പാൻമസാലകൾ വ്യാപകമായി വിറ്റഴിക്കുന്നത് ഫലപ്രദമായി തടയാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സ്കൂൾ, കോളേജ് പരിസരങ്ങളിൽ പുകയില, മയക്കുമരുന്ന് ഇവ ചേർത്ത മധുരപലഹാരങ്ങൾ വിൽപ്പന നടത്തുന്ന കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ആരോഗ്യത്തിന് ഹാനികരമായ ഇത്തരം സാധനങ്ങൾ വിൽപ്പന നടത്തുന്നതും വിതരണം നടത്തുന്നതും തടയുന്നതിന് നിയമ നിർമ്മാണമടക്കം ആവശ്യമായ നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ) ഉണ്ട്.

(ബി) പരിശോധിച്ചു വരികയാണ്.

(സി) മയക്കുമരുന്ന് ചേർത്ത പാൻമസാലകൾ വിറ്റഴിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പുകയില കലർന്ന പാൻമസാല വിൽപ്പന നടത്തി വ്യാപാരികളുടെ പേരിൽ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) പുകയില, മയക്കുമരുന്ന് ഇവ ചേർന്ന മധുരപലഹാരങ്ങൾ സ്കൂൾ, കോളേജ് പരിസരത്ത് വിൽപ്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പുകയില കലർന്ന "ചൂയിംഗ് ടുബാക്കോ" പോലുള്ള വസ്തുക്കൾ, സ്കൂൾ, കോളേജ് പരിസരങ്ങളിൽ വിൽപ്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) മായം ചേർക്കൽ നിരോധന നിയമം സെക്ഷൻ 23(1-എ)(6) പ്രകാരം ആരോഗ്യത്തിന് ഹാനികരമായ വസ്തുക്കൾ ആഹാരപദാർത്ഥമായി ഉപയോഗിക്കുന്നത് നിയന്ത്രിക്കുന്നതിനും തടയുന്നതിനും നിയമനിർമ്മാണം നടത്തേണ്ടത് കേന്ദ്രഗവണ്മെന്റാണ്. മയക്കുമരുന്ന് ചേർന്ന വസ്തുക്കൾ വിൽപ്പന നടത്തുന്നത് തടയുന്നതിന് ഇപ്പോൾ നിയമം നിലവിലുണ്ട്.

തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിന് നൽകിയ നിവേദനം

11 (*11)ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1958-ൽ ഇ.എം.എസ്. മന്ത്രിസഭയുടെ കാലത്ത് തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതു സംബന്ധിച്ച് കേന്ദ്രത്തിന് നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഇതിനായി സംസ്ഥാന സർക്കാർ കേരളാ ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ ശുപാർശയോടുകൂടി രേഖാമൂലം ഒദ്യോഗികമായി അറിയിക്കേണ്ടതുണ്ടോ;

(സി) എങ്കിൽ ഹൈക്കോടതി ബഞ്ച് തലസ്ഥാനത്ത് സ്ഥാപിക്കാൻ സർക്കാർ ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ ശുപാർശയോടുകൂടി ഒരു നിവേദനം കൂടി നൽകാൻ വേണ്ട സത്വര നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ)-(സി) തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കണമെന്നഭ്യർത്ഥിച്ച് 1958-ൽ കേരള നിയമസഭ പ്രമേയം പാസ്സാക്കി കേന്ദ്രസർക്കാരിന

LIBRARY ARCHIVES Kerala Legislative Assembly